G2-5868/16

92885/2018/FC

19-02-2018

IT Cell Kottayam 2018-03-13 02:41 001

കാരിത്താസ് റെയിവേ മേൽപ്പാലത്തിനായുള്ള സ്ഥലമെടുപ്പിനായി എൽ.എ.ആർ. ആക്ട് 2013 പ്രകാരം നടത്തിയിട്ടുള്ള സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹു. കോട്ടയം ജില്ലാ കലക്ടർ നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ട്.

മേൽപ്പാലത്തിനും അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി ആവശ്യമുള്ള ബഹുഭൂരിഭാഗം സ്ഥലവും അർത്ഥനാധികാരിയായ ആർ.ബി.ഡി.സി.കെ യുടെ പേരിൽ ആധാരം ചെയ്യിതിട്ടുണ്ട്. അവകാശതർക്കം മൂലം വിലനൽകി ആധാരം ചെയ്യാൻകഴിയാത്ത ഏശദേശം 32 സെന്റ് സ്ഥലം ഏറ്റെടുക്കുവാൻ ഉണ്ട്. പ്രസ്തുത സ്ഥലങ്ങൾ ജെറാൾഡ് വരടക്കുഴിയിൽ സർവ്വേ നമ്പർ 518/11-2, 518/12-2, 520/2-1, 520/4-1 ൽ പ്പെട്ടതാണ്. എൽ.ഐ.ആർ. ആക്ട് 2013 പ്രകാരം സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ട്. സ്ഥലം ഉടമയായ ജറാൾഡ് നിര്യാതനായതിനെ തുടർന്ന് അദ്ദേഹത്തിന്റെ അവകാശികൾ ഉടമസ്ഥാവകാശത്തിനായി കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു. വർഷങ്ങളായി ഈ കേസ് നടത്തിക്കൊണ്ടിരിക്കുന്നു. എസ്.ഐ.എ റിപ്പോർട്ട് അനുസരിച്ച് ഈ സ്ഥലം വർഷങ്ങളായി കൃഷിയാവശ്യത്തിനോ താമസത്തിനായോ ഉപയോഗിക്കാതെ കാടുപിടിച്ചു കിടക്കുന്നതായും യാതൊരുവിധനിർമ്മിതികളും ഇല്ലത്തതായും അവിടെ 40 വർഷത്തിലധികം പ്രായമുള്ള ടാപ്പ് ചെയ്യാത്ത റബ്ബർമരങ്ങളും 95 സെ.മി. ചുറ്റളവുള്ള ഒരു മാവും, 110 സെ.മീ. ചുറ്റളവുള്ള 2 ആഞ്ഞിലികളും നിൽക്കുന്നതായി കാണുന്നു. ഇവ മൂന്നും കേടുവന്ന് പൊള്ളയുള്ളതാണ്. ഈ സ്ഥലത്തിന്റെ സൈഡിൽക്കൂടി 4 മീറ്റർ വീതിയിൽ അപ്രോച്ച് റോഡ്കൂടി നിർമ്മിക്കുന്നതുകൊണ്ട് വസ്തുവിന് പ്രയോജനം മാത്രമേ ലഭിക്കകയുള്ളു.

....2

IT Cell Kottayam 2018-03-13 02:41 002



സർവ്വേ നമ്പർ 518-ൽ 0.001 ഹെക്ടർ (0.24 സെന്റ്) നടപ്പുവഴി ലക്ഷ്മിയമ്മ വക. നിലവിൽ അങ്ങനെ ഒരു നടപ്പുവഴി അവിടെ കാണുന്നില്ല. ലക്ഷ്മിയമ്മ എന്ന ഒരാൾ അവിടെ താമസ്സിക്കുന്നുമില്ല. അവിടെയും കാടുപിടിച്ചു കിടക്കുന്ന സ്ഥലമാണ്. ഇത് നടപ്പുവഴിയാണെങ്കിൽക്കൂടി 4 മീറ്റർ വീതിയിൽ ഈ വശത്ത് അപ്രോച്ച് റോഡ് വരുന്നതുകൊണ്ട് മേല്പടി പ്രദേശം സഞ്ചാരയോഗ്യമായിത്തന്നെ തുടരും. ശ്രീ ജെയിംസ് ജോസഫിന്റെ (സർവ്വേ നമ്പർ 558/2) 0.0001 ഹെക്ടർ (0.247 സെന്റ്) നടപ്പുവഴിയായ സ്ഥലം ഏറ്റെടുക്കുന്നതുകൊണ്ട് യാതൊരുവിധ കഷ്ടനഷ്ടങ്ങളും വന്നുചേരുന്നതായി കാണുന്നില്ല. കാരണം അവിടെ ലോറി കടന്നുപോകുവാൻ വീതിയുള്ള റോഡ് നിലവിൽ ഉണ്ട്. സർവ്വേ നമ്പറുകളിൽ 564/2-1, 564/12-2 മുഹമ്മദ് ഇല്യാസ് - അഞ്ജുരാജീവ് പാർട്ടണർഷിപ്പ് ഭൂമിയിൽ നിൽക്കുന്ന കെട്ടിടത്തിന്റെ പാർക്കിങ്ങ് ഏറിയായിൽ നിന്ന് ഉദ്ദേശം 20 സെ.മീ. വീതിയിൽ ഉദ്ദേശം 10 മീറ്റർ നീളത്തിൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ടി കെട്ടിടത്തിന്റെ മുൻവശത്തു 5 മീറ്റർ വീതിയിൽ പാർക്കിങ്ങ് ഏറിയാ ഉള്ളതിനാൽ ഇവിടെയും ആവശ്യമായ സ്ഥലം ഏറ്റെടുക്കാവുന്നതാണെന്ന് കാണുന്നു. റെയിൽവേ ലൈനിനോട് ചേർന്ന് ചെറിയ ഒരു പെട്ടിക്കടയും, ചുടുകട്ടയും, തകരഷീറ്റുമിട്ട് നിർമ്മിച്ച തേക്കാത്ത കെട്ടിടവും മേൽപ്പാലത്തിന് ആവശ്യമായ സ്ഥലത്ത് ഉള്ളതായും ഇത് നിൽക്കുന്ന വസ്തു ആരുടെയെങ്കിലും കൈവശമാണെന്നുള്ള രേഖകൾ ലഭ്യമല്ലെന്നും കാണുന്നു. ഇത് പുറംമ്പോക്കുസ്ഥലമാണ്. ജോസഫ് തോമസ്, മങ്കിലോട്ട് തെള്ളകം പി.ഒ ആണ് പെട്ടിക്കടയുടെ ഉടമയെന്ന് മനസ്സിലാക്കുന്നു. ഉദ്ദേശം 2 മാസം മുമ്പ് ജോസഫ് തോമസ് പെട്ടിക്കടയിലെ കച്ചവടം നിർത്തിപ്പോയതാണ്. ഇപ്പോൾ ഈ പെട്ടിക്കടയിൽ കെ.വി.വിജയൻ, കുറിച്ചാനിൽ വീട്, തെള്ളകം പി.ഒ, ആണ് കച്ചവടം നടത്തുന്നത്. ചുടുകട്ടയും തകരഷീറ്റും ഇട്ട് നിർമ്മിച്ച തേക്കാത്ത കെട്ടിടത്തിന്റെ ഉടമ

....3

IT Cell Kottayam 2018-03-13 02:41 003



ഏലിയാമ്മ ബേബി, ഇരുമ്പുകാലാ, തെള്ളകം പി.ഒ.യും അവരുടെ ഭർത്താവും ആണെന്ന് മനസ്സിലാക്കുന്നു. ഏകദേശം 1 വർഷം മുമ്പുവരെ അവർ അവിടെ ചായക്കട നടത്തിയിരുന്നു. അതിനുശേഷം അത് അടച്ചിട്ടിരിക്കുകയാണ്. അവർ കഴിഞ്ഞ ഒരു വർഷമായി കാരിത്താസ് ജംഗ്ഷനോടു ചേർന്നുള്ള ഒരു കട വിലയ്ക്കു വാങ്ങി ചായക്കട നടത്തുകയാണ്. ടി കടകൾ സർക്കാരിന് കൈമാറ്റം ചെയ്യുവാനുള്ള സമ്മതപത്രം കടയുടമകൾ ഒപ്പിട്ടിട്ടുള്ളതായും കാണുന്നു.

സാമൂഹിക ആഘാതപഠന റിപ്പോർട്ട് വിലയിരുത്തലിൽ നിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമായിരിക്കുന്നു.

(1) നിർദ്ദിഷ്ഠ റെയിൽവേ മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലുമായി 4 കിലോമീറ്ററിനുള്ളിൽ ഒട്ടനവധി പ്രമുഖ ആശുപത്രികളും തീർത്ഥാടന കേന്ദ്രങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ട്. കോട്ടയം മെഡിക്കൽ കോളേജ്, ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ് ദന്തൽ കോളേജ്, എം.ജി.യൂണിവേഴ്സിറ്റി, ആഗോള തീർത്ഥാടന കേന്ദ്രങ്ങളായ വി. ചാവറയച്ചന്റെ തീർത്ഥാടനകേന്ദ്രം, പേരൂർ മർത്തശ്മുനിപ്പള്ളി, മാന്നാനം കെ.ഇ. കോളേജ്, മാന്നാനം ബി.എഡ്.കോളേജ്, അമലഗിരി ബി.കെ.കോളേജ് കൂടാതെ അനേകം സ്ക്കൂളുകളും, ആരാധനാലയങ്ങളും ഉണ്ട്. ഇവിടേയ്ക്ക് യാത്ര ചെയ്യുന്ന ജനങ്ങൾക്ക് ഈ മേൽപ്പാലം വളരെ അത്യാവശ്യമാണ്.

(2) ഈ സ്ഥലമേറ്റെടുപ്പുമൂലം സംഭവിക്കാവുന്ന സാമൂഹിക ആഘാതം വളരെ കുറവാണെന്നും സമൂഹത്തിനുണ്ടാവുന്ന ഗുണം വളരെ കൂടുതലാണെന്നും വ്യക്തമാണ്.

(3) പദ്ധതിക്കായി ഏറ്റെടുക്കുന്നത് അത്യാവശ്യത്തിനുള്ള സ്ഥലം മാത്രമാണ്.

.....4

IT Cell Kottayam 2018-03-13 02:41 004



(4) ഈ പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുപ്പിനോടനുബന്ധിച്ച് പു:നരധിവാസ പ്രവർത്തനങ്ങൾ ഒന്നും ആവശ്യമായി വരുന്നില്ല

ആയതിനാൽ എത്രയും വേഗം സ്ഥലം ഏറ്റെടുത്ത് മേൽപ്പാലം നിർമ്മിക്കേണ്ടതാണെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

| പേര്, മേൽവിലാസം | ഒപ്പ് |
|---|---|
| (1) ശ്രീമതി സി.റ്റി.സലോമി, (ചെയർ പേഴ്സൺ)<br>കണ്ണംപള്ളിൽ ഹൗസ്, മാന്നാനം പി.ഒ,<br>കോട്ടയം<br>(റിട്ട. സൂപ്രണ്ടിംഗ് എൻജി. പി.ഡബ്ളിയു.ഡി) | Sal |
| (2) ശ്രീമതി രാധിക.പി., അസിസ്റ്റന്റ് പ്രൊഫസർ,<br>സ്കൂൾഓഫ് സോഷ്യൽ സയൻസസ്, കോട്ടയം | Radhika |
| (3) ഡോ.ജി.ക്രിസ്റ്റഫർ, റിസേർച്ച് കോ-ഓർഡിനേറ്റർ,<br>ACESSD, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം | |
| (4) ഡോ.എ.പി.തോമസ്, ഡയറക്ടർ,<br>അഡ്വാൻസ്ഡ് സെന്റർ ഓഫ്<br>എൻവയോൺമെന്റൽ സ്റ്റഡീസ് &<br>സസ്റ്റൈനബിൾ ഡെവലപ്പ്മെന്റ്,<br>എം.ജി.യൂണിവേഴ്സിറ്റി, കോട്ടയം | |
| (5) ശ്രീ. ജോസ് അമ്പലക്കുളം (വാർഡ് 10) മെമ്പർ,<br>അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | |
| (6) ശ്രീമതി ആൻസി വർഗ്ഗീസ് (വാർഡ് 9) മെമ്പർ,<br>അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | Any |
| (7) ഡോ.രാജേഷ് കോമത്ത്, അസിസ്റ്റന്റ് പ്രൊഫസർ,<br>സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്, കോട്ടയം | |

കോട്ടയം
10/02/2018